# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി 9/852/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 03/09/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻ്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി 9/852/2025 തീയ്യതി: 03/09/2025

# ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 20-06-2025 | 01-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2025 | 01-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജ്യോതിമോൻ.സി.സി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റ്റി. വി. അജിത്കുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഷെയ്ക്ക് ബിജു സി. എസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീമ റോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഹാസിഫ്.എച്ച് | വില്ലേജ് എക്സെറ്റൻഷൻ ഓഫീസർ കണക്കൂർ സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ.സ്റ്റെഫി ബെക്സേവ സി ജോസഫ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മണ്ണഞ്ചേരി | 01-04-2024 | 08-08-2024 |
| ഡോ.ഇർഷാദ്.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മണ്ണഞ്ചേരി | 09-08-2024 | 31-03-2025 |
| ഡോ.സഫീർ | മെഡിക്കൽ ഓഫീസർ(പി എച്ച് സി, | 01-04-2024 | 13-01-2025 |

| | | | |
|---|---|---|---|
| | കലവൂർ) | | |
| ഡോ. അനു സിക്സ്റ്റസ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി, കലവൂർ) | 14-01-2025 | 31-03-2025 |
| ഡോ. സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2024 | 27-07-2024 |
| ഡോ.അനുപമ എസ്. പിള്ള | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 28-07-2024 | 22-01-2025 |
| ഡോ.ജയേഷ് കുമാർ.പി.ഡി | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 23-01-2025 | 31-03-2025 |
| റെനി ഫ്രാൻസിസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| അശ്വതി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 23-05-2024 |
| ജയകല.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 24-05-2024 | 31-03-2025 |
| സുനിൽ കുമാർ എം. ബി | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി | 01-04-2024 | 31-03-2025 |
| ആശമോൾ ആന്റണി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് | 01-04-2024 | 31-08-2024 |
| സൈറസ്.പി.എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് | 01-09-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഉഷാകുമാരി എം | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ് | 01-04-2024 | 31-03-2025 |
| സലീല എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 22-08-2024 |
| രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-08-2024 | 31-03-2025 |
| ഡോ. ജിം കെ.,കിഴക്കൂടൻ | വെറ്ററിനറി സർജൻ | 01-04-2024 | 17-07-2024 |
| ഡോ.വിഷ്ണുസോമൻ | വെറ്ററിനറി സർജൻ | 18-07-2024 | 19-11-2024 |
| ഡോ.ഷെറി മാത്തൻ | വെറ്ററിനറി സർജൻ | 20-11-2024 | 31-03-2025 |
| ജയശ്രീ.കെ.വി | വില്ലേജ് എക്സെറ്റൻഷൻ ഓഫീസർ (ഹെഡ്കാർട്ടേഴ്സ്) | 01-04-2024 | 31-03-2025 |
| സന്ദീപ്.വി.റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( മണ്ണഞ്ചേരി) | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ദുരിതാശ്വാസനിധിക്ക് തുല്യമായ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സംയുക്ത പ്രോജക്ടുകളിലെ നീക്കിയിരിപ്പ് -ബാധ്യതയ്ക്ക് സമാനമായി ഫണ്ട് അവശേഷിക്കുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുക അഡ്വാൻസായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്കുകളിൽ ചേർത്തിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല | 1-1-4 |
| 6 | ബാധ്യതാഹെഡിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ്-അവലോകനം | 1-2-1 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | ഓഡിറ്റ് ഇംപാക്ട് - ആംബുലൻസ് വരവ് - കളക്ഷൻ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി | 1-10 |
| 19 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ബിൽഡിംഗ് പെർമിറ്റ് ഫീ അടവാക്കി | 1-11 |
| 20 | വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-12 |
| 21 | അനർഹമായി വസ്തുനികുതിയിളവ് അനുവദിക്കുന്നു | 1-13 |
| 22 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 23 | ലൈസൻസിംഗ് നടപടികൾ പൂർണ്ണമല്ല | 1-15 |
| 24 | മൊബൈൽ ടവറുകൾ പൂർണ്ണമായും അസസ് ചെയ്തിട്ടില്ല | 1-16 |
| 25 | കമ്മ്യൂണിറ്റി ഹാൾ - ബുക്കിംഗിലും വാടക ഈടാക്കുന്നതിലും അപാകത | 1-17 |
| 26 | എഫ്.എച്ച്.സി. കലവൂർ - വിവിധ പ്രോജക്കുകളിലെ ചെലവ്/ വിതരണ രേഖകളില്ല | 1-18 |
| 27 | ആഞ്ഞിലി മരം വില്പന- നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം അധിക ചെലവ് | 1-19 |
| 28 | ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നിർജ്ജീവം | 1-20 |
| 29 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| 30 | സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-22 |

| | | |
|---|---|---|
| 31 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ - പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-23 |
| 32 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അപാകം | 1-24 |
| 33 | അഗതി രഹിത കേരളം -ചെലവഴിക്കാത്ത ഫണ്ട് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-25 |
| 34 | ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-26 |
| 35 | മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം- ഗ്രാമസഭ ലിസ്റ്റ് പ്രകാരം അംഗീകരിക്കാത്തവർക്ക് ആനുകൂല്യങ്ങൾ നൽകി | 1-27 |
| 36 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ- ഗ്രാമസഭ ലിസ്റ്റ് പ്രകാരമല്ലാതെ ആനുകൂല്യവിതരണം നടത്തി | 1-28 |
| 37 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ പദ്ധതി ധനസഹായം പൂർണ്ണമായി നൽകി | 1-29 |
| 38 | ദീർഘകാലമായി നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ തീർപ്പാക്കാക്കിയിട്ടില്ല | 1-30 |
| 39 | താത്കാലിക നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല-അധിക വേതനം അനുവദിച്ചു | 1-31 |
| 40 | കുടിവെള്ള വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 41 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-33 |
| 42 | പപ്പായ ഗ്രാമം – ലക്ഷ്യം കൈവരിച്ചില്ല | 1-34 |
| 43 | അംഗനവാടി അനുപൂരക പോഷകാഹാരം – അധികചെലവ് തിരികെ ഈടാക്കണം | 1-35 |
| 44 | വയോജനങ്ങൾക്ക് കട്ടിൽ – വിതരണം പൂർത്തിയായില്ല | 1-36 |

| | | |
|---|---|---|
| 45 | ഞങ്ങളും കൃഷിയിലേക്ക്– വിതരണരേഖകൾ ഹാജരാക്കിയില്ല | 1-37 |
| 46 | ക്ലീൻ മണ്ണഞ്ചേരി ഗ്രീൻ മണ്ണഞ്ചേരി- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-38 |
| 47 | വീട്ടമ്മമാർക്ക് മട്ടുപ്പാവിൽ പച്ചക്കറികൃഷി – വിതരണം പൂർണ്ണമല്ല | 1-39 |
| 48 | സമഗ്ര നെൽകൃഷി വികസന പദ്ധതി – വിതരണ വിവരം പൂർണ്ണമല്ല | 1-40 |
| 49 | ആനുകൂല്യം കൈപ്പറ്റിയവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-41 |
| 50 | വരുമാന നികുതി സ്രോതസ്സിൽ കുറവ് ചെയ്തില്ല | 1-42 |
| 51 | വളവനാട് സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി നാഷണൽ ഹെൽത്ത് മിഷന് തുക കൈമാറൽ - തുക കൈപ്പറ്റിയതിന്റെ രേഖയില്ല | 1-43 |
| 52 | വിമുക്തി- മുൻകൂർ തുക നൽകിയിട്ടും പദ്ധതി നടപ്പിലാക്കിയില്ല | 1-44 |
| 53 | അഡ്വക്കേറ്റ് ഫീസ് -ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 1-45 |
| 54 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-46 |
| 55 | പച്ചക്കറികൃഷി – അപാകത | 1-47 |
| 56 | കോക്ളിയാർ ഇംപ്ളാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് - വിനിയോഗരേഖയില്ല | 1-48 |
| 57 | വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-49 |
| 58 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം - അപാകത | 1-50 |
| 59 | പത്താംതരം തുല്യത - കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല | 1-51 |

| | | |
|---|---|---|
| 60 | ഐ.കെ.എം. വിഹിതം അടവാക്കൽ – കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല | 1-52 |
| 61 | മരാമത്ത് പ്രവർത്തികൾ എഗ്രിമെന്റ് വെക്കുന്നതിലെ അപാകതകൾ | 1-53 |
| 62 | കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-54 |
| 63 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സെക്യൂർ ആപ്പ് പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നു | 1-55 |
| 64 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ – സ്റ്റോക്ക്, വിതരണ രേഖകൾ ഇല്ല | 1-56 |
| 65 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-57 |
| 66 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-58 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അപാകം | 3-1 |
| 2 | താത്കാലിക നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല-അധിക വേതനം അനുവദിച്ചു | 3-2 |
| 3 | അംഗനവാടി അനുപൂരക പോഷകാഹാരം – അധികചെലവ് തിരികെ ഈടാക്കണം | 3-3 |
| 4 | ക്ലീൻ മണ്ണഞ്ചേരി ഗ്രീൻ മണ്ണഞ്ചേരി- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |

| ഭാഗം 4 | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ദുരിതാശ്വാസനിധിക്ക് തുല്യമായ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്-ബി 2 ഷെഡ്യൂൾ (ഹെഡ്കോഡ്-311100101) പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി 500/-രൂപയാണ് റസീപ്റ്റ്സ് & പേമെന്റ്സ് അക്കൗണ്ട് ഷെഡ്യൂൾ 40(B), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസനിധിക്ക് പ്രത്യേകം ബാങ്ക് അക്കൗണ്ടോ ബാലൻസോ ഇല്ല. ദു നിധിയുടെ പേരിൽ ടോക്കണായി മാത്രം ഉൾപ്പെടുത്തി വരുന്ന തുകയാണിത്. 200 പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങ പ്രകാരം ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രത്യേ അക്കൗണ്ട് ആരംഭിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ച (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നി അനുസരിച്ച് 02.06.2025-ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്ക തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ് അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്

ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അം കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യാ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളി വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എ ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടി വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സ ന്യായവുമായ ചിത്രം നൽകുന്നു..

ഡെപ്യൂ

## 1-1-2 സംയുക്ത പ്രോജക്ടുകളിലെ നീക്കിയിരിപ്പ് -ബാധ്യതയ്ക്ക് സമാനമാ അവശേഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ഗ്രാമപഞ്ചായത്തിന് വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കപ്പെടാത്ത തുകകൾ ചുവടെ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 227,575.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 664,714.00 |

ഈ തുകകൾ സൂക്ഷിച്ചിരുന്ന ട്രഷറി ജോയിന്റ് വെഞ്ചർ പ്രോജക്ട് അക്കൗണ്ടിൽ നീക്കിയിരുപ്പ് റിഡംപ്ഷനായി സർക്കാർ തിരികെ എടുത്തിരുന്നു. ഈ തുക തിരികെ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കണക്കിൽ ബാധ്യത കാണിച്ചിട്ടുള്ള തത്തുല്യമായ നീക്കിയിരിപ്പില്ലാത്ത സാഹചര്യത്തിൽ ഈ ബാധ്യതകൾ നിറവേറ്റ റിഡംപ്ഷൻ തുക തിരികെ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയോ തുകകൾ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-1-3 നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുക അഡ്വാൻസായി ഉൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് S0354/25 പ്രകാരം ഹെൽത്ത് മിഷൻ മുഖേനെ കെട്ടിട നിർമ്മാണത്തിനായി 27,75,000 രൂപ കൈമ

നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ ഈ തുക അഡ്വാൻസായി വാർഷിക ഉൾപ്പെടുത്തിയിട്ടില്ല. അതേ പോലെ 3 പ്രോജക്ടുകളിലായി കെ.എസ്.ഇ.ബിക്ക് നൽക രൂപയ്ക്കും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഈ തുകയും ഡെപ്പോസിറ്റ്/അ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല. വാർഷി കണക്കുകളിൽ ചേർത്തിരിക്കുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല

2024-25 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ബന്ധപ്പെട്ട ലഡ്ജറുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. 2021-22 കാലയള ഡെപ്പോസിറ്റ് പ്രകാരം ₹1,03,700/- ശ്രീ.മനോഹരൻ എന്നയാൾക്ക് നൽക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതി നിന്നും സ്വീകരിച്ച ലേല ഡെപ്പോസിറ്റുകളുടെ ആകെ തുകയാണ് ₹103700 രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുക എങ്ങനെയാണ് ശ്രീ.മനോഹരൻ എന്നയാ നൽകാനുള്ളതായി 2022-23 മുതൽ രേഖപ്പെടുത്തി വരുന്നതെന്ന് വ്യക്തമല്ല. അതേ ഡെപ്പോസിറ്റായി ചേർത്തിട്ടുള്ള ₹6,72,770 ൽ 2,00,164 രൂപയും Unknown ആയാണ് 2 രേഖപ്പെടുത്തി വരുന്നത്. 2018-19 മുതൽ കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകളായി നൽകിയിട്ടുള്ള തുകകൾ തീർപ്പാക്കാനുള്ളതായ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിശദാംശ ലഭ്യമല്ല. ഇക്കാരണങ്ങളാൽ തന്നെ ഗ്രാമപഞ്ചായത്ത് തിരികെ ഡെപ്പോസിറ്റുകളുടേയും ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് വിവിധ ഏജൻസികൾ എന്നിവയ്ക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂ നീക്കിയിരുപ്പ് വിവരങ്ങളുടേയും ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

## 1-1-5 ബാധ്യതാഹെഡിൽ നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്

ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ 
320300103 Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitati
രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാധ്യതാ ഹെഡിൽ നെഗറ്റീവ് 
രേഖപ്പെടുത്തിയിരിക്കുന്നത് അക്കൌണ്ടിൽ ഉള്ള ബാലൻസിൽ അധികം ത
രേഖപ്പെടുത്തിയതിനാലാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. അപാകം ക്രമീകരി
അറിയിക്കേണ്ടതാണ്.

## 1-1-6 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവ
ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത്
വയ്ക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവ
തീയതി **കട്ട് ഓഫ്** തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക്
വകയിരുത്തേണ്ടത്. അതേപോലെ സ്ഥിരം ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം
റിക്കവറികൾ എന്നിവ പോലുള്ള കാര്യങ്ങൾ മാത്രമാണ് ബാലൻസ് ഷീറ്റ് ബി-
പ്രകാരം ബാധ്യത രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ ജീവനക്കാർ, ദിവസ
എന്നിവരുടെ 2025 മാർച്ചിലെ വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, വൈദ്യ
വാട്ടർ ചാർജ്ജ്, ടെലഫോൺ കണ്ടിജന്റ് ബില്ലുകൾ എന്നിങ്ങനെ സാമ്പത്തിക വർഷ
പൂർത്തീകരിക്കാനാവാത്ത ചെലവുകളൊന്നും ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബ
രേഖപ്പെടുത്തിയിട്ടില്ല. ഇത് മൂലം ഗ്രാമപഞ്ചായത്തിന്റെ കൃത്യമായ ബാധ്യതകള
വാർഷിക കണക്കിൽ ഉൾപ്പെടാത്ത സ്ഥിതിയുണ്ട്.

## 1-1-7 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള
മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62
മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാര
പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻവർഷത്തെ പ്രവ
ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കു
സമർപ്പിച്ചിട്ടില്ല.

## 1-2-1 ബജറ്റ്-അവലോകനം

1. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാ
പ്രവർത്തനാധിഷ്ഠിത മായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2ൽ നൽകിയിട്ടുള്ള
പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു പെർഫോ
തയ്യാറാക്കിയിട്ടില്ല.

2. ജെന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാ
വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3ൽ നൽകിയിട്ടുള്ള മാതൃകയിൽ ജ
തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി
മറുപടി ലഭ്യമാക്കിയില്ല. ബജറ്റ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃക
തയ്യാറാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 09.02.2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരി
25.3.25ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചു. വിശദ വിവരം ചുവടെ ചേ

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 63,12,47,438 | 62,64,28,588 |
| വാർഷിക കണക്ക് പ്രകാരം (I&E) | 35,97,71,173 | 35,86,46,198 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,31,27,997 |
| വരവ് | 11,93,21,373 |
| ആകെ | 17,24,49,370 |
| ചെലവ് | 11,78,56,119 |
| നീക്കിയിരിപ്പ് | 5,45,93,251 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കി ലാപ്സാ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 88,27,294 | 2,83,80,286 | 37207580 | 37207580 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 418533 | 7517467 | 7936000 | 7936000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 120420 | 120420 | 86000 | 34,420 (ലാപ്സാ |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കി ലാപ്സാ |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 1,14,95,000 | 1,14,95,000 | 1,14,95,000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 1,61,25,000 | 1,61,25,000 | 1,61,25,000 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് –ബാങ്ക് | 1,43,00,124 | 0 | 14714190 | 29014314 | 17243315 | 1152196 249033 (ലാപ്സാ |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക് | 35,48,381 | 0 | 62,74,568<br>Interest -821468 | 1,06,44,417 | 6833290 | 38,11,12 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | പൂർത്തീകരിച്ച പ്രോജക്ടുകൾ | ഭാഗികമായി നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കാത്ത പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | പൂർ രിക്ക പ്രോജക്ട % |
|---|---|---|---|---|---|---|
| 294 | 202 | 32 | 60 | 36,81,82,974 | 15,56,03,218 | 68.7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരു |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 26,41,141 | 26,41,141 | 2589234 | 51,907 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,62,37,104 | 8,62,37,104 | 8,62,37,104 | 0 |
| ആകെ | 0 | 8,88,78,245 | 8,88,78,245 | 8,88,26,338 | 51,907 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10,12,600 | 334 |
| വിധവാപെൻഷൻ | 23494600 | 1153 |
| വാർദ്ധക്യകാല പെൻഷൻ | 55788000 | 1299 |
| വികലാംഗ പെൻഷൻ | 11921100 | 472 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ | 1556600 | 55 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള ധനസഹായം | | |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 25.06.2025-ൽ 3.00 പി.എം.ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തു പരിശോധനയിൽ 1,958 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി ഒടുക്കുവാൻ ബാധ്യസ്ഥമായ വി പല കെട്ടിടങ്ങളുടെയും ഡിമാന്റ് 0 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യപ്പെടുന്നില്ല.
2. ടർഫുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററുകളിൽ വിവിധ സ്റ്റോക്കുകളുടെ വിതരണം വിവരം രേഖപ്പെടുത്തുന്നില്ല. ഈ വിഷയത്തിൽ മേൽനോട്ടപ്പിഴവ് സംഭവിക്കു വിലയിരുത്തുന്നു.
4. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതി സ്വീകരിക്കാത്തതുമൂലം പൂർത്തീകരണ കാലാവധി സർക്കാർ നിർദ്ദേശത്തിന് വിരു നൽകുന്ന സ്ഥിതി നിലനിൽക്കുന്നു.
5. പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് മുമ്പേ തന്നെ തുക മുൻകൂറായി ചെലവഴി
6. പല പദ്ധതികളുടേയും മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്ത

## 1-10 ഓഡിറ്റ് ഇംപാക്ട് - ആംബുലൻസ് വരവ് - കളക്ഷൻ തുക ഗ്രാമപഞ്ചാ അടവാക്കി

കലവൂർ എഫ്.എച്ച്.സി.യിലെ KL 04 AR 7462-ാം നമ്പർ ആംബുലൻസ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയത് സംബന്ധിച്ച രസീത് പരിശോധനയിൽ 04.10.20 നമ്പർ രസീത് പ്രകാരം 2235/- രൂപ പിരിച്ചിട്ടുണ്ടെങ്കിലും 1235/- രൂപ മാത്രമാണ് 2024 മാസത്തെ ആകെ കളക്ഷൻ തുകയിൽ ഉൾപ്പെടുത്തി അടവാക്കിയിട്ടുള്ളത്. ഇത് ആംബുലൻസ് ഡ്രൈവറെ നേരിൽ അറിയിച്ചതിനെത്തുടർന്ന് 01.07.2025ലെ 25001 രസീത് പ്രകാരം 1000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കി.

## 1-11 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ബിൽഡിംഗ് ഫീ അടവാക്കി

താഴെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ കുറവായി ഫീസ് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.24/27.6.25) അപേക്ഷകർ ഗ്രാമപഞ്ചായത്തിൽ അടവാക്കി. ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടു

| പെർമിറ്റ് രജിസ്റ്റർ ക്രമ നം. | അപേക്ഷകൻ | വിസ്തൃതി($M^2$/തരം) | സ.ഉ.(കൈ) നം.97/24/Lsgd./30.7.24 ഉത്തരവ് പ്രകാരം ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയത് | കററ |
|---|---|---|---|---|---|
| 217 | സായ് റാം | 146.29(കൊമേഴ്സ്യൽ)<br>127.24(റസിഡൻസ്) | 146.29x40=5852<br>127.24x25=3181<br>=9033 | 7723 | 1310 |

| | | | | | |
|---|---|---|---|---|---|
| 443 | പ്രീത എൻ.കെ. | 96.2 (റസിഡൻസ്)-റഗുലറൈസേഷൻ | 96.2x25x2=4810 | 2405 | 2405 |
| 554 | ജോസ് | 195 (മറ്റുള്ളവ) | 195x60=11700 | 9750 | 1950 |
| | | | | ആകെ | 5665/- |

## 1-12 വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

**1) റിസോർട്ടുകളോടൊപ്പമുള്ള സ്വിമ്മിംഗ് പൂളുകളുടെ വസ്തുനികുതി ചുമത്തി**

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടം 3(3) പ്രകാരം [സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11 കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടെങ്കിൽ അതിന്റെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതും വസ്തുനികുതി ചുമത്തേ എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന റിസോർട്ടുകളി പൂൾ സൗകര്യങ്ങൾ ഉള്ളതാണെങ്കിലും സ്വിമ്മിംഗ് പൂളുകളെ മുഖ്യകെട്ടി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. |
|---|---|---|
| 1 | അമൽ താമര | IV/340, 341A |
| 2 | ലേക് കനോപ്പി | X/840 A - L |
| 3 | വേമ്പനാട് ബാക്ക് വാട്ടർ റിസോർട്ട് | X/78K |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-10/24.6.25
നീന്തൽ കുളങ്ങളെ മുഖ്യ കെട്ടിടങ്ങളോടൊപ്പം വിസ്തൃതി ഉൾപ്പെടുത്തി
പുനനിർണ്ണയിച്ച് ഫോറം-6 ന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാ

**2)<u>സ്പോർട്ട്സ് ടർഫുകളെ വസ്തുനികുതി ചുമത്തിയില്ല</u>**

ഫീസ് നൽകി ജനങ്ങൾക്കുപയോഗിക്കാവുന്ന വാണിജ്യ സ്വഭാവത്തോടുകൂടിയ ബാധകമാക്കേണ്ട വസ്തുനികുതി നിരക്ക് സർക്കാർ നിർദ്ദശിച്ചിട്ടുണ്ട് (05-04-23 (അച്ചടി)25/2023/തസ്വഭവ). എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന ഉടമയുടെ പേര് | സമീപത്തുള്ള കെട്ടിട നം. | 30.06.2025ൽ നടത്തിയ സ്ഥലപരിശോധന പ്രകാരമുള്ള വിസ്തൃതി ($M^2$) |
|---|---|---|---|---|
| 1 | സ്കൈലൈൻ ബാഡ്മിന്റൻ അക്കാദമി | സുനിൽകുമാർ ഡി., സരോജം | നല്കിയിട്ടില്ല. | 382.73 |
| 2 | സിക്സ് ഗൺസ് സ്പോർട്ട്സ് ഹബ് | സാംസൺ വിശ്വനാഥൻ | 15/634 (ഇതേ കോമ്പൌണ്ടിലെ സ്കൂൾ) | 1023.30 |
| 3 | ജോൺസ് സ്പോർട്സ് കോംപ്ലക്സ് | ജോസഫ്, തയ്യിൽ | 11/340 (ഓഫീസ് കെട്ടിടം) | 2139.3 |

മേൽ സ്പോർട്ട്സ് ടർഫുകളെ വസ്തുനികുതി നിർണ്ണയിച്ച് ഫോറം-6 ന്റെ പകർ
ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**3) <u>അൺ എയ്ഡഡ് സ്കൂളുകളെ വസ്തുനികുതി ചുമത്തിയില്ല</u>**

അൺ-എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തുനികുതി ബാധകമാക്കിയിട്ട പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ അൺ എയ്ഡഡ് സ്കൂളുക വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 207 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാ ഏയ്ഡഡോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപ കെട്ടിടങ്ങളും, പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളെയു വസ്തുനികുതി ഒഴിവ് നൽകിയിട്ടുള്ളത്. 27.03.2023-ൽ വിജ്ഞാപനം ചെയ്ത 2023-ലെ കേ (2-ാം നമ്പർ) ആക്ട് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 01.04.2023 പ്ര സർക്കാർ ഭേദഗതി ചെയ്യുകയും, നിയമത്തിലെ സെക്ഷൻ 207 (ബിഎ) ഒഴിവാക ചെയ്തു. ഇതോടെ ഹയർ സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസ സ്ഥ വസ്തുനികുതിയിലുണ്ടായിരുന്ന ഇളവ് സർക്കാർ, എയ്ഡഡ് സ്കൂളുകളുകൾക്ക് പരിമിതപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങ എ്യ്ഡഡ്) വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ചെയ്തീടാക്കേണ്ടതായുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചുവടെ ചേർക്കുന്ന സ്കൂളുക വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ | വിസ്തൃത |
|---|---|---|---|
| 1 | 6/489A | അഷ്റഫ് കുഞ്ഞാശാൻ,<br>മുഹമ്മദ് ഇഖ്ബാൽ, അബൂബക്കർ,<br>നാലുതറ അഹമ്മദ് മൌലവി ഇസ്ലാമിക് സെന്റർ | 147.5 |

| | | | |
|---|---|---|---|
| 2 | 11/310-318 | കെ ജി ഗിരീഷൻ, ടൈനി ടോട്സ്, | 492 |
| 3 | 12/260B | റവ ഫാദർ മൈക്കിൽ ആറാട്ടുകുളം | 182 |
| 4 | 20/624A | അഷറഫ്&റംല ബീവി, ഇല്ലത്തുവെളി, മണ്ണഞ്ചേരി | 130 |
| 5 | 23/17,18,19,20 | ജ്ഞാനോദയം സ്കൂൾ | 835 |

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 31/27.6.25)

പട്ടികയിൽ സൂചിപ്പിച്ച സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ചെയ്തീടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-13 അനർഹമായി വസ്തുനികുതിയിളവ് അനുവദിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(എ) പ്രകാരം ആരാധനാല അനുബന്ധ ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തുനിക അർഹതയുള്ളതെങ്കിലും ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള മറ്റ് നിർമ്മിതി സ്ഥാപനങ്ങൾക്കും ഇളവ് നൽകിയ തായി കാണുന്നു.

ഗ്രാമപഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 1552 കെ നികുതിയിളവ് നല്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ ആയതിൽ ഭുരിഭാഗം 6 വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതോ പഴയ കെട്ടിടങ്ങളോ ആണ്.

അനർഹമായി നികുതിയിളവ് നല്കിയിട്ടുള്ള ഏതാനും കെട്ടിടങ്ങൾക്ക് ഉദാഹരണ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗക്രമം | വിസ്തൃതി ($M^2$) |
|---|---|---|---|
| 1 | 7/667 | ചരമ സഹായ സംഘം | 36 |
| 2 | 8/719 | കരയോഗം ഓഫീസ് | 9 |

| | | | |
|---|---|---|---|
| 3 | 8/446H | ചരമ സഹായ സംഘം | 28 |
| 4 | 10/513 | മരണാനന്തര സമിതി | 26 |
| 5 | 11/508 | എസ്.സി.സംഘം | 108 |
| 6 | 11/509 | - ടി - | 45 |
| 7 | 18/153A | - ടി - | -- |
| 8 | 18/548 | ഓഫീസ് | 45 |
| 9 | 18/552 | - ടി - | 42 |
| 10 | 20/726 | എസ്.സി. സൊസൈറ്റി | 100 |
| 11 | 20/169 | കയർ സൊസൈറ്റി | 100 |
| 12 | 20/451 | മിൽമ സൊസൈറ്റി | 100 |
| 13 | 23/630 | ഫോർമാലിൻ കമ്പനി | 12 |
| 14 | 23/631 | ജനക്ഷേമസമിതി ഓഫീസ് | 26 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (26/27.6.25) മറുപടി ലഭ്യമാക്ക കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടോയെന്നത് ഗ്രാമപഞ്ചായത്തിൽ വിവരങ്ങൾ ലഭ്യമല്ല.
എല്ലാ വാർഡുകളിലെയും വിവരശേഖരണം നടത്തി വസ്തുനികുതി പുനർനിർണ്ണ അനർഹമായി ഇളവ് നല്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴിവാക്കുന്നതും ഗ്രാമപ വൻവരുമാനവർദ്ധനവിന് ഉതകുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണ പ്രത്യേകശ്രദ്ധ ക്ഷണക്കുന്നു.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോമളപുരം സ്പിന്നിംഗ് & വ ആദ്യഅർദ്ധവർഷത്തെ തൊഴിൽ നികുതിയായ 230400/- രൂപ 31.3.2025 ലാണ് അടവാക

രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയിട്ടുമില്ല.
കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിൽ നിന്നും ആദ്യ അർദ്ധവർഷത്തെ തൊ വൈകി അടവാക്കിയതിനുള്ള പിഴപലിശയും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ വിവിധ വർക്കുകൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

1). ഷാഹുൽ ഹമീദ് കെ.എ.

2). മൌലാന അബ്ദുൾ കരീം ആസാദ്

3). മുഹമ്മദ് കുഞ്ഞ് നൈന

4). റോബിച്ചൻ പീറ്റർ

5). അബ്ദുൾ ലത്തീഫ്

6). വിജയ് എൻ.നായർ

7). ഹംസ കെ.

8). അനസ് നൈന.എ.

മേൽ സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് ന അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽനികുതി ഈടാക്ക നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരിൽ തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതിനായി ന അന്വേഷണത്തിന് (23/27.6.25) മറുപടി ലഭ്യമാക്കിയില്ല.
കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസിംഗ് നടപടികൾ പൂർണ്ണമല്ല

ബാധകമായ നിയമവ്യവസ്ഥകളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി ലൈ നൽകപ്പെടുന്നതിന്റെ കൃത്യതയും പൂർണ്ണതയും ഉറപ്പാക്കുന്നതിൽ ഗ്രാമ പരാജയപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട് കൂടി മാത്രം പ്രവർത്തി സ്ഥാപനങ്ങൾ, സംരഭങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട പ്രവർത്തിക്കുന്നത്.

കമ്പനികൾ, വർക്ക്ഷോപ്പുകൾ, ഫാമുകൾ, ജിംനേഷ്യങ്ങൾ എന്നിവയുടെ പ്രവ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. അനുമതി സംബന്ധിക്കുന്ന നിയമ ചുവടെ ചേർക്കുന്നു.

<u>പട്ടിക-1</u>

| ക്രമ നം | സംരഭം | നിയമ വ്യവസ്ഥ | റിമാർക്ക് |
|---|---|---|---|
| 1 | ഓഡിറ്റോറിയങ്ങൾ | കേരള പ്ലേസസ്സ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട് | സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഓഡിറ്റോറിയങ്ങൾ/ കല്യാണ മണ്ഡപങ്ങളായി വസ്തുനികുതി നിർണ്ണയിച്ച പട്ടിക-2 ത ചേർത്തിട്ടുള്ള കെട്ടിടങ്ങൾ ലൈസൻസില്ലാതെയാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| 2 | ഫാമുകൾ- | 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) | |
| 3 | കമ്പനികൾ, വർക്ക് ഷോപ്പുകൾ- | കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ | ഉദാഹരണം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വില്യ ഗുഡേക്കർ ആൻഡ് കമ്പനിക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ല. |

കേരള പ്ലേസസ്സ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട് പ്രകാരം 50 ചതുരശ്ര മീറ്റർ വിസ്തീർണ്ണമ സ്ഥലമോ കെട്ടിടമോ ലൈസൻസില്ലാതെ പൊതു റിസോർട്ടിനോ വി ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ പട്ടിക-2 യിൽ ചേർത്തിരിക്കുന്ന ഓഡി കല്യാണ മണ്ഡപങ്ങൾ എന്നിവ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്.

***<u>പട്ടിക-2</u>***

| ക്രമ നം. | കെട്ടിട നം. | വിസ്തൃതി ($M^2$) |
|---|---|---|
| 1 | 5/154 | 298$M^2$ |
| 2 | 6/16 | 502$M^2$ |

| | | |
|---|---|---|
| 3 | 7/81E | 149.94M$^2$ |
| 4 | 21/468A | 99M$^2$ |
| 5 | 23/266A | 1488M$^2$ |
| 6 | 23/329A | 329.2 |

ലൈസൻസിംഗ് നടപടികൾ പൂർണ്ണമല്ലാത്തത് തൊഴിൽ നികുതി ഇനത്തിലും ഗ്രാമപ
നഷ്ടമുണ്ടാക്കുന്നുണ്ട്.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/24-06-25 &30/27-06-2025)

ലഭ്യമാകേണ്ട വരുമാനം കൃത്യമായി നിർണ്ണയിക്കപ്പെടുകയും ഈടാക്കുകയും ചെയ്യു
അതുവഴി വരുമാന ചോർച്ച തടയുന്നതിനും നടപടികൾ സ്വീകരിച്ച്
ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകൾ പൂർണ്ണമായും അസസ് ചെയ്തിട്ടില്ല

സഞ്ചയ ഡേറ്റാബേസ്സിലെ കണക്കുകൾ പ്രകാരം ആകെ 9 മൊബൈൽ ടവറുകപ
നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത്
സമീപംതന്നെ 6 മൊബൈൽ ടവറുകൾ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിൽ ആ
വാർഡുകളിലുമായി നിലവിൽ അസസ് ചെയ്തിട്ടുള്ളതും ചെയ്യാത്തതുമായ എല്ലാ
ടവറുകളുടെയും അനുബന്ധ നിർമ്മിതികളുടെയും വിശദവിവരങ്ങൾ നിശ്ചിത
ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (44/30.6.25 ) മറുപടി ലഭ്യമാക്ക
സർക്കുലർ നം. 40395/ആർ.സി.2/2014/തസ്വഭവ/തീ.19.10.2014 പ്രകാരം സ്പെഷ്യൽ ഡ്രൈ
ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി
ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-17 കമ്മ്യൂണിറ്റി ഹാൾ - ബുക്കിംഗിലും വാടക ഈടാക്കുന്നതിലും അപാ

പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളും ഗ്രാമപഞ്ചായത്തിനു മുൻവശമുള്ള സ്ഥലവും നല്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബുക്കിംഗ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. പല ദി ബുക്കിംഗ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബുക്ക് ചെയ്ത ആളിന്റെ വിവരം, വാടക തുക അടവാക്കിയതിന്റെ വിവരം തുടങ്ങിയ രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല.

2. കമ്മ്യൂണിറ്റി ഹാളിന് ദിനവാടക 4000/- രൂപയും 2500/- രൂപ അർദ്ധദിന വാടകയു രണ്ടുമണിക്കൂർ വാടകയും ഇതിനോടൊപ്പം ജി.എസ്.ടി.യുമാണ് ഈടാക്കേണ്ടത്. ബു അവസരത്തിൽ 1000/- രൂപ അഡ്വാൻസ് വാങ്ങേണ്ടതുമാണ്. എന്നാൽ അഡ്വാൻസ് വ ജി.എസ്.ടി. ഈടാക്കാതെയുമാണ് വാടക ഈടാക്കിയിട്ടുള്ളത്. കൂടാ സാമ്പത്തികവർഷം ഒരു ദിവസംപോലും പൂർണ്ണദിന വാടക ഈടാക്കിയിട്ടുമില്ല. ദി രൂപയും അർദ്ധദിന വാടക 2000/- രൂപയും രണ്ട് മണിക്കൂറിന് 1000/- രൂപയുമാ വരുന്നത്.

3. മറ്റ് സർക്കാർ വകുപ്പുകളും വിവിധ ബോർഡുകളും, സംഘടനകളും പരിപാടികളിലും വാടക ഈടാക്കുന്നില്ല. ഉദാ :- 19.7.24 – മോട്ടോർ തൊഴിലാളി ബോർഡ്, 02.8.24-ചിത്തിരപ്പള്ളി ഫൌണ്ടേഷൻ - ഗുണഭോക്താക്കളുടെ മീറ്റിംഗ്, 11 ക്ഷേമനിധി ബോർഡ്, 27.10.24 – സമസ്ത കേരള സുന്നി ബാലവേദി, 19.11.24 – വ മൂവ്മെന്റ് പ്രവർത്തക കൺവെൻഷൻ. ഗ്രാമപഞ്ചായത്തുകളുടെയും സ്ഥാപനങ്ങളുടെയും പരിപാടികൾക്കു മാത്രമാണ് ബൈലോ പ്രകാരം ഇളവ് നല്കാവു

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രജിസ്റ്റർ കാലികമാക്ക ഹാജരാക്കേണ്ടതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.54/1.7.2 ലഭ്യമാക്കിയില്ല.
ഓഡിറ്റോറിയം ബുക്കിംഗ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും അഡ്വാൻസ് വ ബുക്കിംഗ് സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വാടകയും ജി

ഈടാക്കുന്നതിനും വാടക ഒഴിവാക്കി നല്കുന്നതിന് ആധികാരികമായ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്തധികൃ ക്ഷണിക്കുന്നു.

## 1-18 എഫ്.എച്ച്.സി. കലവൂർ - വിവിധ പ്രോജക്ടുകളിലെ ചെലവ്/വിതരണ രേഖകളില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കലവൂർ നിർവ്വഹണം നടത്തിയ വിവിധ പ്രേ മെൻസ്ട്രുവൽ കപ്പിന്റെ വിതരണ രേഖകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് തുകയുടെ പൂർണ്ണ ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

1. പ്രോജക്ട് നം. SO79/25 പ്രകാരം നടപ്പിലാക്കിയ മെൻസ്ട്രുവൽ കപ്പ് വിതരണത്തിന് രജിസ്റ്റർ പ്രകാരം 2000 മെൻസ്ട്രുവൽ കപ്പുകൾ ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി.,വിവിധ ഹെൽത്ത് വെൽനസ്സ് സെന്ററുകൾ എന്നിവയ്ക്കായി തുല്യമായി വിതരണം ചെയ്തതായാണ് രേഖപ്പെടുത്തൽ. ആയതിൽ കലവൂർ എഫ്.എ ലഭിച്ച 170 മെൻസ്ട്രുവൽ കപ്പുകളിൽ 60 എണ്ണം വിതരണം ചെയ്തതിന്റെ രേഖക ഹാജരാക്കിയത്. ബാക്കി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. സെന്ററുകളിലേക്ക് നല്കിയതിന്റെ വിതരണ രേഖകളും ഹാജരാക്കിയില്ല.

2. പ്രോജക്ട് നം.S0287/25 - രോഗപ്രതിരോധ പ്രവർത്തനങ്ങൾ -
അടങ്കൽ -300000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)
ആകെ ചെലവ് -19850/-

ഹാജരാക്കിയിട്ടുള്ള 9550/- രൂപയുടെ ട്രഷറി ബില്ലിനൊപ്പം(ട്രഷറി ബിൽ തീയതി-07 നം.1195034/16.1.25) 5300/- രൂപയുടെയും 10300/- രൂപയുടെ ട്രഷറി ബില്ലിനൊപ്പം(ട്ര തീയതി-22.03.25- ചെക്ക് നം. 000180/29.3.25) 8900/- രൂപയുടെയും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയത്.
ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 5650/- രൂപയുടെ (19850-14200) ചെലവ് തടസ്സ

വിവിധ സെന്ററുകളിലേക്ക് നല്കിയ മെൻസ്ട്രുവൽ കപ്പുകൾ വിതരണം നടത
രേഖകൾ, SO287/25 എന്ന പ്രോജക്ടിലെ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക

## 1-19 ആഞ്ഞിലി മരം വില്പന- നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം അധ ചെലവ്

ഗ്രാമ പഞ്ചായത്തിലെ വരകാടി കോളനി റോഡ് ജില്ലാ പഞ്ചായത്ത് സഹ
നിർമ്മിക്കുന്നതിന്റെ ഭാഗമായി റോഡിന് തടസ്സമായി നിന്നിരുന്ന ആഞ്ഞിലി മരത
നിർണ്ണയിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് ആലപ്പുഴ സാമൂഹ്യ വ
വിഭാഗത്തിന് അപേക്ഷ നൽകിയിരുന്നു. ഇത് പ്രകാരം ആലപ്പുഴ സാമൂഹ്യ വ
വിഭാഗം അസി.ഫോറസ്റ്റ് കൺസർവേറ്റർ 23-01-2024 ൽ നൽകിയ കത്ത് പ്രകാരം 1.1
അടി വോള്യമുള്ള മരത്തിന് 45,501 രൂപ അടിസ്ഥാന വില നിശ്ചയിച്ച് നൽകിയ
പ്രകാരം തടി ലേലം നടത്തിയെങ്കിലും നിശ്ചയിച്ച വാലുവേഷൻ തുക കൂടുത
ആരും ലേലം വിളിക്കാതെ മാറ്റിയതായും പിന്നീട് മരം മുറിച്ച് മാറ്റുന്നതിന് തയ്യാറാ
കത്ത് നൽകിയ ഗ്രാമപഞ്ചായത്തിലെ മരാമത്ത് കരാറുകാരനായ ശ്രീ.അബ്ദുൾ കല
ഖാദർ മൻസിൽ, മണ്ണഞ്ചേരി എന്നായാൾക്ക് തനത് ഫണ്ട് വൌച്ചർ നം. 22401143 Dtd 19/
No. 000122/19/10/2024 കേരള ബാങ്ക്, മണ്ണഞ്ചേരി) പ്രകാരം ₹18,000/-രൂപ നൽകി മരം
ആഞ്ഞിലി മരം മുറിച്ച് മാറ്റുന്നതിനായി വൈദ്യുതി തടസ്സം ഒഴിവ
കെ.എസ്.ഇ.ബിയിൽ അടക്കേണ്ട തുക ₹3,000/- ജെ.സി.ബി വാടക ₹6000/- തടി വെട്ടു
എന്നിങ്ങനെ ചെലവ് കണക്കാക്കി ശ്രീ.അബ്ദുൾ കലാം ആസാദ്, നൽകിയ അപേക്ഷ
തുക അനുവദിച്ചിട്ടുള്ളത്. പിന്നീട് കട്ടേഷൻ പ്രകാരം അദ്ദേഹത്തിന് തന്നെ 3,
ആഞ്ഞിലി മരം വില്പന നടത്തുകയും ചെയ്തതായി ഗ്രാമപഞ്ചായത്തിലെ
വൌച്ചറിനൊപ്പമുള്ള മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തടി വില്പനയുമായി
ഇപ്രകാരം സെക്രട്ടറി സ്വീകരിച്ച നടപടികൾ 14/10/2024 ലെ ഗ്രാമപഞ്ചായത്ത്
1(4)തീരുമാന പ്രകാരം സാധൂകരിച്ച് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരി
താഴെചേർക്കുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01) ആഞ്ഞിലി മരത്തിന്റെ വിലനിർണ്ണയിച്ച ശേഷം ലേലം നടത്തുന്നതിന് തയ്യാറാ
പുനർലേലം നോട്ടീസിന്റെ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ലേല രജിസ്റ്ററി
ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ലേല ഫയലിനൊപ്പം ഹാജരാക്കിയ ലേല ഡയറിയിൽ
നടന്ന ലേലത്തിൽ നാല് പേർ പങ്കെടുത്തതായും ആഞ്ഞിലി മരത്തിന് ₹45,650/-രൂപ
ശ്രീ.മുഹമ്മദ് ബഷീർ, വലിയചിറയിൽ ഹൗസ് എന്നയാൾക്ക് ലേലം ഉ
രേഖപ്പെടുത്തിയിട്ടുണ്ട്. വനംവകുപ്പ് നൽകിയ അടിസ്ഥാനവിലയിൽ ആരംഭിച്ച
ലത്തീഫ്, കരിമുറ്റം എന്നയാളും അടിസ്ഥാനനിരക്കിലും ഉയർന്ന തുക ലേലം
എന്നാൽ ഫയലിൽ ഇതേ തിയതിയിൽ തന്നെ മറ്റൊരു ലേലഡ
തയ്യാറാക്കിയിട്ടുള്ളതായും അതിൽ ആരും ലേലം വിളിക്കാത്തതിനാൽ ലേലം നടത
രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

02) ആലപ്പുഴ സാമൂഹ്യവന വത്ക്കരണവിഭാഗം അസി.ഫോറസ്റ്റ് കൺസർവേറ്റർ
അടിസ്ഥാനവില നിശ്ചയിച്ചിരുന്ന 1.137 ക്യുബിക് അടി തടി ലേലം നടത്താതെ
പ്രകാരം വെറും 3,000/- രൂപക്ക് വില്പന നടത്തിയത് എന്തുകൊണ്ടെന്ന് വ്യക്തമ
ഇതിനായി ഏതെങ്കിലും അനുമതി തേടിയതായ രേഖകളൊന്നും ലഭ്യമാക്കി
ലേലവുമായി ബന്ധപ്പെട്ട പ്രധാന ചെലവ് മരം മുറിച്ച് മാറ്റുന്നതാണ്. ഗ്രാമപഞ്ചായ
ചെലവഴിച്ച് ആഞ്ഞിലി മരം മുറിച്ച സാഹചര്യത്തിൽ തടിക്ക് അസി.ഫോറസ്റ്റ് ക
നിശ്ചയിച്ചിരുന്ന അടിസ്ഥാന വിലയായ 45,501/- രൂപയിലും ഉയർന്ന
ലഭിക്കേണ്ടിയിരുന്നത്. എന്നാൽ ഇതാണ് കേവലം 3,000/- രൂപക്ക് ക്വട്ടേഷൻ
നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. മുറിച്ചതടി ലേലം നടത്താത്തത് എന്തുകൊ
വ്യക്തമാക്കിയിട്ടില്ല.

03) വാലുവേഷൻ തുക കൂടുതലായതിനാൽ ആരും ലേലം ഏറ്റെടുക്കാത്ത സാഹ
വാലുവേഷൻ പുതുക്കി നൽകാൻ ആലപ്പുഴ സാമൂഹ്യവന വത്ക്കരണ
ഗ്രാമപഞ്ചായത്ത് കത്ത് നൽകുകയും വാലുവേഷൻ പുതുക്കി വാ
ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന് രേഖകളി

04) തടി വില്പനക്ക് ലഭിച്ച ക്വട്ടേഷനുകൾ ഏതെല്ലാമെന്നോ ഇവ ആരാണ് അംഗീക

വ്യക്തമാക്കിയിട്ടില്ല. ലഭിച്ച തുകക്ക് ഫോറസ്റ്റ് ടാക്സ്, ജി.എസ്.ടി എന്നിവ ഒടുക്കിയി കാര്യത്തിൽ വ്യക്തതയില്ല.

05) മരം വെട്ടിമാറ്റുന്നതിനായി ലൈൻ മാറ്റുന്നതിന് കെ.എസ്.ഇ.ബിയിൽ അടക്കേ 3000/- രൂപ അനുവദിച്ചുവെങ്കിലും തുക ഒടുക്കിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

06) ലേലം, പുനർ ലേലം എന്നിവയിൽ പങ്കെടുക്കുന്നവർ ഇ.എം.ഡി ഒടു രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വ 2025) നൽകിയതിന് മറുപടി നൽകിയില്ല. എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി വിശദീകരണത്തിൽ കൂടുതൽ തുക വിളിച്ചയാൾ പിന്നീട് പിന്മാറിയതിനാലാണ് തട വിറ്റതെന്നാണ് അറിയിച്ചത്. നടന്ന ലേലത്തിൽ എസ്റ്റിമേറ്റ് നിരക്കിലുമധികം വിള രണ്ടാമത്തെയാൾക്ക് എന്തുകൊണ്ട് ലേലം ഉറപ്പിച്ചില്ല എന്ന കാര്യത്തിന് വ്യക്തത ക്രമങ്ങളിൽ വന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായതായും വരുമാനം ലഭിക്കാത്തതായും ഓഡിറ്റ് വിലയിരുത്തുന്നു. ലേലം നടത്താതെ തടി മു തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹ 18,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ന

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവർക്ക് പ്രകൃതി മാറാരോഗം, അത്യാഹിതങ്ങൾ എന്നിവ മൂലമുള്ള ദുരിതങ്ങളിൽ അടിയന്തി നൽകുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 166 പ്രകാരം 200 പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം സെക്രട്ടറിയുടെ പേരിൽ ഗ്രാമപ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധിക്കായി ദേ സഹകരണ ബാങ്ക് ശാഖയിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ഈ അക പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ഉൾപ്പടെ സ്വീകരിച്ച് ധന നടത്തേണ്ടതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപ

ദുരിതാശ്വാസനിധി രൂപീകരിച്ചതിന്റെയോ ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിന്റെയോ ഇതിൽ നിന്നും അർഹ സഹായമെത്തിക്കുന്നതിന്റെയോ വിവരങ്ങളൊന്നും ലഭ്യമല്ല. വാർഷിക ധനം പ്രകാരം ദുരിതാശ്വാസ നിധി ഹെഡിൽ ₹500/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിനാ ബാങ്ക് അക്കൗണ്ടില്ല. മുൻ വാർഷിക ധനകാര്യ പത്രികകൾ പരിശോധി. വർഷങ്ങളായി ഈ അക്കൗണ്ടിന്റെ മുന്നിരിപ്പും നീക്കിയിരിപ്പും 500/- രൂപയാണ്. വ ആർക്കും അക്കൌണ്ടിൽ നിന്ന് ആനുകൂല്യം നല്കിയിട്ടില്ലെന്നും നിധിയിലേക്ക് വര കണ്ടെത്തിയിട്ടുണ്ട്. ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾ നടക്കാത്തത് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.5/24-06-2025) ഗ്രാമ മറുപടി ലഭ്യമാക്കിയിട്ടില്ല. ഏറ്റവും അർഹരായ ജനങ്ങൾക്ക് അടിയന്തിര ഘട്ടങ്ങളി ലഭ്യമാക്കുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള ദുരിതാശ്വാസ നിധി പുനരുജ്ജീവിപ്പ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-21 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്തിന് തിരി ലഭിച്ചിട്ടില്ല.</u>

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ B-18 ഷെഡ്യൂ Festival Advance എന്ന ഹെഡ് പ്രകാരം ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിലെ പ്രകാരം 2024-25 സാമ്പത്തിക വർഷം 11 ജീവനക്കാർക്കായി 1,57,000 യാണ് നൽകിയിട്ടുള്ളത്. ഇതിൽ ശ്രീമതി.സതിമോൾ എന്ന ജീവനക്കാരിക്ക് അനുവദിച്ച 4,0 തിരികെ ലഭിക്കാനുള്ളതായി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ജീവനക്കാർക്ക് അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ (പി).77/2024/ധന. തീയതി 06/09/20 5 പ്രകാരം അഞ്ച് തുല്യ തവണകളായി ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഒരു ഗഡു പോലും സാമ്പത്തിക വർഷാവസാനത്തിനു ശേഷവും തിരികെ ഈട ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ ശേഷം തിരികെ നൽകാത്ത ജീവനക്കാർ നില

ചെയ്യുന്ന ഓഫീസിന്റെ വിവരം, തുക തിരികെ ഈടാക്കുന്നതിന് ഇതുവരെ നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ (നമ്പർ. 6/24-06-2025) തുക ഈടാക്കാൻ ജീവനക്കാരന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തിരികെ ലഭിക്കാനുള്ള 4000 രൂപയുടെ ചെലവ് തടസ്സപ്പെടുത ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് -സർക്കാർ നിർദ്ദേശം പാല

സർക്കാർ ഉത്തരവ് നം. (പി) 819/2000/ധന തീയതി 13-04-2000 പ്രകാരം സർക്കാർ വാഹന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് മാത്രമേ ഇൻഷ്വറൻസ് എടുക്കുവാൻ പ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഉടമസ വാഹനങ്ങൾ നിലവിലും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇ എടുക്കുകയും പുതുക്കിയും വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഉപ കെ.എൽ 04-AD-9000 നമ്പർ ബോലേറോ ജീപ്പിന്റെ ഇൻഷുറൻസ് ലിബർട്ടി ജനറൽ ഇ കമ്പനി വഴിയാണ് പുതുക്കി വരുന്നത്. 2024-25 സാമ്പത്തിക വർഷത്തെ തനത് ഫ നം-22400145/ 06/05/2024 (ചെക്ക് 004/29-04-2024, കേരള ബാങ്ക്) പ്രകാരം ഇതിനാ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂളിന്റെ ബസ് (കെ 5555) ₹36,781/- പ്രീമിയം നൽകി ടാറ്റ എ.ഐ.ജിയിലും, ഹരിത കർമ്മസേനയുടെ ഇലക് വാൻ (കെ.എൽ-04 എ.എസ് 4035) ₹5786/- പ്രീമിയം നൽകി ഐ.സി. ലൊംബാർഡിലുമാണ് ഇൻഷുറൻസ് പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് വാ ഇൻഷുറൻസ് പുതുക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-33/28-06-2025) തുടർനടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാഹനങ്ങളുടെ ഇ പോളിസികൾ പുതുക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-23 ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ - പദ്ധതി നടപ്പാക്കിയ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ<br>പ്രോജക്ട് നം. S0117/25 |
| അടങ്കൽ | **₹11,00,000**/-<br>₹8,00,000/-(വികസന ഫണ്ട് -ജനറൽ)<br>₹3,00,000/-(തനത് ഫണ്ട്) |
| ചെലവ് | **₹8,00,000**/-<br>₹5,00,000/-(വികസന ഫണ്ട് -ജനറൽ)<br>₹3,00,000/-(തനത് ഫണ്ട്) |
| ബിൽ നം/തീയതി | TRN-24060100000008128/02-07-2024 ₹176024/-<br>TRN-24060100000026501/16-01-2025 ₹323976/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

**ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ** പ്രോജക്ട് പ്രകാരം സാമ്പത്ത ₹8,00,000/- ചെലവഴിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതിന് പകരം ഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും ഭക്ഷ്യകിറ്റ് വാങ്ങി നൽക ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും സാധനങ്ങ ബില്ലുകൾ മാത്രമാണ് ഫയലിനൊപ്പം ലഭ്യമായിട്ടുള്ളത്. ബില്ലുകൾ പ്രകാരം റവ, ശ കടല, കപ്പലണ്ടി, വെളിച്ചെണ്ണ, ചെറുപയർ, ഉഴുന്ന് എന്നിങ്ങനെയാണ് വാങ്ങിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ കൃത്യമായ വിവരങ്ങൾ, കുട്ടികളു ഭക്ഷണവിതരണം സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ബഡ്സ് സ്കൂൾ ഭക്ഷ്യകിറ്റ് നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്, സർക്കാ അനുമതി നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവയൊന്നും ഫ

ഹാജരാക്കിയിട്ടില്ല. സ്കൂൾ ഉച്ചഭക്ഷണ പരിപാടികളുടെ ഭാഗമായി അംഗീകൃത സ്കൂളുകളിലും ഉച്ചഭക്ഷണ വിതരണം നടത്താമെന്ന പൊതു വിദ്യാഭ്യാസ വകുപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. സ്പെഷ്യൽ സ്കൂളുകളിൽ ഉച്ചഭക്ഷണത്ത ഭക്ഷ്യകിറ്റ് വിതരണം നടത്താമെന്ന് സർക്കാർ നിർദ്ദേശമൊന്നും ലഭ്യമല്ല. പൊതു വകുപ്പ് നടത്തുന്ന ഉച്ചഭക്ഷണ പദ്ധതിയിൽ പോലും ഉച്ചഭക്ഷണ മെനുവും ഓരേ ചെലവഴിക്കാവുന്ന പരമാവധി തുകയും കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. സർക്കാ തേടാതെ നടത്തിയ ഭക്ഷ്യകിറ്റ് വിതരണത്തിനായി ചെലവഴിച്ച ₹8,00,000/-യു തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉച്ചഭക്ഷണ വിതരണം ന ഭക്ഷ്യകിറ്റ് നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്, സർക്ക അനുമതി നേടുകയോ ചെയ്യേണ്ടതാണ്.

## <u>1-24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അം</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>പ്രോജക്ട് നം. S0116/25 |
| അടങ്കൽ | **₹6,87,800/-**<br>₹3,87,800/- (വികസന ഫണ്ട്-എസ്.സി.പി)<br>₹3,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | **₹4,20,000/-**<br>₹3,87,800 (വികസന ഫണ്ട് എസ്.സി.പി) |

| | |
|---|---|
| | ₹32,200/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

